പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2854 15.12.2015 -ലെ മറുപടിയ്ക്ക്

# പ്രത്യേക വിദ്യാഭ്യാസ മേഖല

*ചോദ്യം*
ശ്രീമതി കെ.എസ്. സലീഖ

*ഉത്തരം*
ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഉന്നത വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് പ്രത്യേക വിദ്യാഭ്യാസ മേഖല സൃഷ്ടിക്കുന്നത് പ്രത്യേക സാമ്പത്തിക മാതൃകയിലാണോ ; | (എ) | അതെ |
| (ബി) | പ്രത്യേക വിദ്യാഭ്യാസ മേഖലയിൽ സംസ്ഥാന സർക്കാരിന്റെ നിയന്ത്രണം പൂർണ്ണമായും ഒഴിവാക്കുന്ന തരത്തിൽ നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; | (ബി) | പ്രത്യേക വിദ്യാഭ്യാസ മേഖലയുടെ ഘടനയും ചട്ടങ്ങളും സംബന്ധിച്ച് അന്തിമ തീരുമാനം സർക്കാർ കൈക്കൊണ്ടിട്ടില്ല. |
| (സി) | 20 ഏക്കർ സ്ഥലവും ബിരുദാനന്തര ബിരുദ കോഴ്സുകൾ നടത്തി 5 വർഷത്തെ പരിചയവും വിദേശ സർവ്വകലാശാലകളുമായുള്ള ധാരണാ പത്രവും ഉള്ളവർക്ക് പ്രത്യേക വിദ്യാഭ്യാസ സോണുകൾ ആരംഭിക്കാമെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് ഉത്തരവിറക്കിയതായി ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കുമോ ; | (സി) | അത്തരത്തിലൊരു സർക്കാർ ഉത്തരവ് ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും പുറപ്പെടുവിച്ചിട്ടില്ല. |
| (ഡി) | പ്രത്യേക വിദ്യാഭ്യാസ മേഖലയുടെ ഭാഗമായി ആഗോള വിദ്യാഭ്യാസ സംഗമം സംഘടിപ്പിക്കാൻ സർക്കാരോ ഉന്നത വിദ്യാഭ്യാസ കൗൺസിലോ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെയാണെന്നും ആയതിന് ചെലവഴിക്കാൻ | | ആഗോള വിദ്യാഭ്യാസ സംഗമം 2016 ജനുവരി 29,30 തീയതികളിൽ കോവളത്തുവച്ച് സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിലേക്കായി വരുന്ന ചെലവ് സംബന്ധിച്ച് അന്തിമ തീരുമാനമായിട്ടില്ല. |

| | | | |
|---|---|---|---|
| | ഉദ്ദേശിക്കുന്ന തുക എത്രയെന്നും വ്യക്തമാക്കുമോ ; | | |
| (ഇ) | നിലവിൽ ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ചെയർമാനും കൗൺസിൽ അംഗങ്ങളും ആരൊക്കെ ; പ്രസ്തുത കൗൺസിലിന് കാലാവധി നീട്ടിക്കൊടുത്തിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | (ഇ) | നിലവിൽ ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ചെയർമാൻ ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി ആണ്. കൗൺസിലിന്റെ അംഗങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ശ്രീ. ടി.പി. ശ്രീനിവാസൻ (വൈസ് ചെയർമാൻ)<br>2. ഡോ. പി. അൻവർ (മെമ്പർ സെക്രട്ടറി)<br>3. ശ്രീ. ബി. ശ്രീനിവാസ് ഐ.എ.എസ്. ( ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി)<br>4. പ്രൊഫ. സി.ഐ. അബ്ദുൾ രഹിമാൻ<br>5. ഡോ. ആർ. ജയപ്രകാശ്<br>6. പ്രൊഫ. ഡി. കെ. ജോൺ<br>7. ഡോ. വീരമണികണ്ഠൻ. എൻ<br>8. ഡോ. ഷീന ഷുക്കൂർ<br>നിലവിലുള്ള കൗൺസിലിന്റെ കാലാവധി 11/10/2015 ൽ അവസാനിച്ചു. എന്നാൽ സ്റ്റാറ്റ്യൂട്ട് പ്രകാരം 6 മാസത്തെ കാലവധി കൂടി ഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്. |
| (എഫ്) | ഇത്തരത്തിലുള്ള ഉന്നത വിദ്യാഭ്യാസ മേഖല സൃഷ്ടിക്കുന്ന തീരുമാനം രാജ്യത്തിനകത്തെ വൻകിട വിദ്യാഭ്യാസ കച്ചവടക്കാർക്ക് അവസരമൊരുക്കുവാനാണോ ഉദ്ദേശിക്കുന്നത്, വിശദാംശം വ്യക്തമാക്കുമോ ; | (എഫ്) | അന്താരാഷ്ട്രതലത്തിൽ പ്രശസ്തരായ വിദേശ സർവ്വകലാശാലകളുമായി ചേർന്ന് ബിരുദ-ബിരുദാനന്തര കോഴ്സുകളും, സ്കിൽ അടിസ്ഥാനത്തിൽ അന്താരാഷ്ട്രതലത്തിലെ നവീനവും ഭാവിയുടെ ആവശ്യങ്ങൾ നിറവേറ്റാൻ കഴിയുന്ന കോഴ്സുകളും ചെലവ് കുറഞ്ഞ നിരക്കിൽ സംസ്ഥാനത്തിനകത്ത് ലഭ്യമാക്കാനും അതിലൂടെ പരോക്ഷമായി ഉന്നത വിദ്യാഭ്യാസ മേഖലയിലെ മേൻമ ഉയർത്തുക എന്നതാണ് ഉന്നതവിദ്യാഭ്യാസ മേഖല സൃഷ്ടിക്കുന്നതിലൂടെ |

| | | | |
|---|---|---|---|
| | | | സർക്കാർ ലക്ഷ്യം വയ്ക്കുന്നത്. ഇതു കൂടാതെ സ്വദേശ-വിദേശ വിദ്യാർത്ഥികൾക്ക് ചെലവ് കുറഞ്ഞ തരത്തിൽ വിദേശ സർവ്വകലാശാലകളിലെ കോഴ്സുകൾ പഠിക്കുന്നതിന് സൗകര്യങ്ങൾ ലഭിക്കുന്നതിലൂടെ, കേരളം മികവുറ്റ ഉന്നത വിദ്യാഭ്യാസത്തിന്റെ കേന്ദ്രമാകുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. |
| (ജി) | ഈ സർക്കാർ വന്നതിന് ശേഷം ഉന്നത വിദ്യാഭ്യാസ രംഗത്ത് എത്ര കോടി മുതൽമുടക്ക് വരുന്ന പുതിയ പദ്ധതികളുടെ പഠന റിപ്പോർട്ട് കേന്ദ്ര മാനവശേഷി മന്ത്രാലയത്തിന് സമർപ്പിക്കുകയുണ്ടായി ; ആയത് പ്രകാരം എത്ര കോടി രൂപ കേന്ദ്രം അനുവദിച്ചു ; വിശദമാക്കുമോ ? | (ജി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കേന്ദ്രാവിഷ്കൃത പദ്ധതിയായ റൂസയുടെ ഭാഗമായി 2014-15 സാമ്പത്തിക വർഷം റൂസ ഫണ്ട് ലഭിക്കുന്നതിനായി സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ പ്ലാൻ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇൻഫ്രാസ്ട്രക്ചർ ഗ്രാന്റായി 110 കോടി രൂപയും, പ്രിപ്പറേറ്ററി ഗ്രാന്റായി 4 കോടി രൂപയും ലഭിച്ചിട്ടുണ്ട്. അതിൽ ഇൻഫ്രാസ്ട്രക്ചർ ഗ്രാന്റിന്റെ ആദ്യ ഗഡുവായി 11,87,50,000/- രൂപ കേരളത്തിന് ലഭിക്കുകയും അത് നിശ്ചയിച്ച 15 ഗവൺമെന്റ് കോളേജുകൾക്കും 4 യൂണിവേഴ്സിറ്റികൾക്കും നൽകുകയുണ്ടായി. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**